# 'മഹാദയാലുവായ കർത്താവ്'

## സങ്കീർത്തനം 86:5

''കർത്താവേ, നീ നല്ലവനും ക്ഷമിക്കുന്നവനും നിന്നോടു അപേക്ഷിക്കുന്നവരോടൊക്കെയും മഹാദയാലുവും ആകുന്നു.''

തന്റെ ശത്രുക്കളിൽ നിന്നു തന്നെ പരിരക്ഷിക്കുകയും, പരിപാലിക്കുകയും, തന്നെ വീണ്ടുടുക്കുകയും അതിലുപരി താൻ സേവിക്കുകയും ചെയ്യുന്ന തന്റെ പ്രിയ ദൈവത്തോട് ദാവീദ് സമർപ്പിക്കുന്ന ഒരു പ്രാർത്ഥനയാണ് സങ്കീർത്തനം 86. താൻ വിളിച്ചപേക്ഷിക്കുമ്പോളൊക്കെയും തന്റെ വിളിക്കുത്തരം നൽകുന്നവനായ ദൈവത്തോട് വീണ്ടും വീണ്ടും അപേക്ഷിക്കുന്നതിൽ ദാവീദിന് ഒരു സങ്കോചമോ തന്റെ വിളി കേൾക്കുമോ എന്നുള്ള ഒരു ആശങ്കയോ ഉണ്ടായിരുന്നില്ല, മറിച്ച് അവൻ തന്റെ പ്രാർത്ഥന കേൾക്കുക തന്നെ ചെയ്യും എന്നുള്ള വലിയ ഉറപ്പാണുണ്ടായിരുന്നത്. അതു ഈ സങ്കീർത്തനത്തിലുടനീളം ദൈവത്തെക്കുറിച്ച് ദാവീദ് വർണ്ണിച്ചിരിക്കുന്നതു നോക്കിയാൽ തന്നെ മനസ്സിലാകും. "നമ്മുടെ പ്രാർത്ഥനകൾ ദൈവം കേൾക്കുകയും അതിനു തക്കതായ മറുപടി അവൻ നമുക്ക് നൽകുകയും ചെയ്യും" എന്ന ഉറപ്പ് നാം ഒരോരുത്തർക്കും ഉണ്ടോ എന്നത്, ഇന്ന് ഈ ദൈവത്തിൽ വിശ്വസിക്കുകയും അവന്റെ വരവിനായി നോക്കിപ്പാർക്കുകയും ചെയ്യുന്ന വിശ്വാസി സമൂഹത്തിലുൾപ്പെട്ട നാം നമ്മോട് തന്നെ ചോദിച്ച് ഉത്തരം കണ്ടെത്തേണ്ട ഒന്നാണ്.

ഇന്നത്തെ നമ്മുടെ വചന ഭാഗം നോക്കിയാൽ, ഇന്ന് ഈ ദൈവം നല്ലവനും വല്ലഭനുമല്ലാത്തവരായി ഈ ലോക ജീവിതത്തിൽ ആരാണുള്ളത്. അവന്റെ സ്നേഹം ഒന്നു കൊണ്ടു മാത്രമാണ് നരകത്തിനർഹമായിരുന്ന നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തെ തന്റെ സ്വന്ത രക്തം കൊടുത്ത് വീണ്ടെടുക്കുവാൻ ഇടയായിത്തീർന്നത്. എന്നാൽ ഇന്ന് നമ്മുടെ ഭാവം കണ്ടു കഴിഞ്ഞാൽ നമ്മുടെ എന്തോ ഗുണകണങ്ങൾ കൊണ്ടാണ് ഈ ദൈവം നമ്മെ വീണ്ടെടുത്തത് എന്നു തോന്നിപ്പോകും. അവൻ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് തന്നതുകൊണ്ടു മാത്രമാണ് നാം അതിനർഹരായത്. അതും അവന്റെ കരുണ ഒന്നു മാത്രം. അതുകൊണ്ടാണ് പൗലോസ് തന്റെ ലേഖനത്തിൽ പറയുന്നത്, "കൃപയാലല്ലോ വിശ്വാസം മൂലം നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിനും നിങ്ങൾ കാരണമല്ല, ദൈവത്തിന്റെ ദാനമത്രേയാകുന്നു" എന്ന്.

അവൻ നമ്മെ തന്റെ പ്രിയരായി വിളിച്ചിട്ടുണ്ടെങ്കിൽ നമ്മെ വഴി നടത്തുവാനും, പരിപാലിക്കുവാനും മതിയായവനാണ്. വചനത്തിൽ ഇപ്രകാരം പറയുന്നു **"ഞാൻ നിങ്ങളെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല"** (എബ്രായർ 13:5) എന്ന്. നമ്മുടെ വീഴ്ചയിലും, താഴ്ചയിലും നമ്മെ മറന്നു കളയാതെ അവന്റെ വാക്കു പാലിക്കുന്ന സ്നേഹവാനും, ദയാലുവും, മഹാകാരുണ്യവാനുമായ ഒരു കർത്തവാണ് നമുക്കുള്ളത്. ആ സ്നേഹമാണ് അവൻ നമുക്ക് വേണ്ടി കാൽവറിയിൽ കാണിച്ചത്. റോമർ 3:25-26 ൽ പറയുന്നു **"വിശ്വസിക്കുന്നവർക്കു അവൻ തന്റെ രക്തംമൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു. ദൈവം തന്റെ പൊറുമയിൽ മുൻ കഴിഞ്ഞ പാപങ്ങളെ ശിക്ഷിക്കാതെ വിടുക നിമിത്തം തന്റെ നീതിയെ പ്രദർശിപ്പിപ്പാൻ, താൻ നീതിമാനും യേശുവിൽ വിശ്വസിക്കുന്നവനെ നീതീകരിക്കുന്നവനും ആകേണ്ടതിന്നു ഇക്കാലത്തു തന്റെ നീതിയെ പ്രദർശിപ്പിപ്പാൻ തന്നേ അങ്ങനെ ചെയ്തതു."**

അങ്ങിനെയെങ്കിൽ ഇന്നു നിന്റെ ജീവിതത്തിൽ ലഭിച്ച, അനുഭവിച്ച അവന്റെ ദയക്കും സ്നേഹത്തിനും കരുണക്കുമായി നീ അവനു മഹത്വം കരേറ്റിയോ? അതിനായി ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**പരാമർശം:**

**യെശയ്യാവ് 40:28-29**

നിനക്കറിഞ്ഞുകൂടെയോ? നീ കേട്ടിട്ടില്ലയോ? യഹോവ നിത്യദൈവം; ഭൂമിയുടെ അറുതികളെ സൃഷ്ടിച്ചവൻ തന്നേ; അവൻ ക്ഷീണിക്കുന്നില്ല, തളർന്നുപോകുന്നതുമില്ല; അവന്റെ ബുദ്ധി അപ്രമേയമത്രേ. അവൻ ക്ഷീണിച്ചിരിക്കുന്നവന്നു ശക്തി നൽകുന്നു; ബലമില്ലാത്തവന്നു ബലം വർദ്ധിപ്പിക്കുന്നു

**ബ്രദർ ബിനു ബേബി ആലപ്പുഴ 104**